**പ്രസിദ്ധീകരണത്തിന്**

നായർ സർവീസ് സൊസൈറ്റിക്കും അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും എതിരായി നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബഞ്ചിനു മുമ്പാകെ ചില തല്പരകക്ഷികൾ നല്കിയ കമ്പനി പെറ്റീഷൻ ബഹു. കേരളാഹൈക്കോടതി സ്റ്റേ ചെയ്തു.

നോൺ ട്രേഡിംഗ് കമ്പനീസ് രജിസ്ട്രാർ മുമ്പാകെ എൻ.എസ്.എസ്. ഫയൽ ചെയ്ത റിട്ടേണുകളിൽ കമ്പനീസ് ആക്ട് 2013 പ്രകാരം വളരെയധികം ന്യൂനതകളുണ്ടെന്നും ആയതിനാൽ ഡയറക്ടർ ബോർഡ് അംഗങ്ങളെ അയോഗ്യരാക്കുക, അവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുക എന്നൊക്കെയായിരുന്നു ഹർജിയിലെ പ്രധാന ആവശ്യങ്ങൾ.

മതിയായ അംഗങ്ങളുടെ പിന്തുണ ഇല്ലാതെ ഫയൽ ചെയ്ത ഈ കമ്പനി പെറ്റീഷൻ ഇളവുനല്കി സ്വീകരിക്കണമെന്നായിരുന്നു ഹർജിയിലെ ഒരപേക്ഷ.

എൻ.എസ്.എസ്സിന്റെ ഡയറക്ടർ ബോർഡിലേക്ക് നടക്കാൻ പോകുന്ന തിരഞ്ഞെടുപ്പ് തടഞ്ഞ് ഉത്തരവ് ഉണ്ടാകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

പെരുന്ന
31.03.2023

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി